**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 5733 — 03/11/2016- ൽ മറുപടിയ്ക്ക്.

**ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.സ്വരാജ് | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ സർക്കാർ നടത്തി വരുന്നു എന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് ക്ഷീരോല്പാദകരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിതീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം,ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം, പാൽഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ആവശ്യാധിഷ്ഠിത സഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീര കർഷകക്ഷേമ നിധിയുടെ പെൻഷൻ,കുടുംബപെൻഷൻ, അവശതാപെൻഷൻ, ചികിത്സാധന സഹായം,വിവാഹധന സഹായം, മരണാനന്തര ധനസഹായം എന്നിവയും നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഭാവിയിൽ എന്തെല്ലാം പദ്ധതികൾ ക്ഷീരമേഖലയിൽ നടപ്പിലാക്കാൻ ആലോചിക്കുന്നു എന്ന് അറിയിക്കുമോ ? | (സി) | MSDP (മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം) ,IDDP (ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം) പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട മൂന്ന് ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതാണ്.<br><br>2) തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സമഗ്ര തീറ്റപ്പുൽ കൃഷി വികസന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>3) കാലിത്തീറ്റ സബ്സിഡി വർഷം മുഴുവൻ നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.<br><br>4)പാലിന്റെയും പാലുല്പന്നങ്ങളുടേയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ചെക്ക് പോസ്റ്റുകളിൽ സ്ഥിരം പരിശോധന സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.<br><br>5) സ്റ്റേറ്റ് ഡെയറി ലാബിൽ കാലിത്തീറ്റയുടെയും, കുടി വെള്ളത്തിന്റേയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്.<br><br>6) ക്ഷീര പരിശീലന കേന്ദ്രങ്ങളെ സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>7) കൊല്ലം ജില്ലയിൽ ക്ഷീരോൽപാദക രംഗത്ത് കടന്നുവരുന്ന പുതിയ കർഷകരെ സഹായിക്കുന്നതിനായി സംരഭകത്വ വികസന കേന്ദ്രം ആരംഭിക്കുന്നതാണ്.<br>8) കേരളത്തിലെ മുഴുവൻ ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവും ആക്കുന്നതിന്റെ ഭാഗമായി സമ്പൂർണ്ണ ഓട്ടോമേഷൻ നടപ്പിലാക്കും. |

സെക്ഷൻ ഓഫീസർ.